8. ഇടുക്കി വന്യജീവി സങ്കേതം
9. ആറളം വന്യജീവി സങ്കേതം
10. പേപ്പാറ വന്യജീവി സങ്കേതം
11. ചിമ്മിണി വന്യജീവി സങ്കേതം
12. തട്ടേക്കാട് പക്ഷി സങ്കേതം

(ബി & സി) ഇല്ല.

(ഡി) സംസ്ഥാനത്തെ രണ്ടു ദേശീയോദ്യാനങ്ങൾ ഇരവിക്കുളം, സൈലന്റ് വാലി എന്നിവയാണ്.

(ഇ) വിവിധ പദ്ധതികളിലായി സംസ്ഥാനത്ത് വന്യമൃഗ സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും സംരക്ഷണം, വികസനം, പുനരുദ്ധാരണം എന്നിവയ്ക്കായി 1999-2000 സാമ്പത്തിക വർഷം ചെലവായ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു. (50% കേന്ദ്ര സഹായ പദ്ധതി) വന്യമൃഗ സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും വികസനം - 426.63 ലക്ഷം.

വന്യജീവി സംബന്ധമായ വിദ്യാഭ്യാസവും, വിശകലനവും.

21.95 ലക്ഷം

100% സംസ്ഥാന സഹായ പദ്ധതി വന്യജീവി അനധികൃത നായാട്ടും ഇടപാടുകളും തടയുന്നതിന് 18.23 ലക്ഷം ജൈവവൈവിധ്യ സംരക്ഷണം 144.77 ലക്ഷം. വന്യജീവി വിനോദ സഞ്ചാര വികസനം 25.42 ലക്ഷം വനദർശനം, വന്യജീവി വിനോദ സഞ്ചാരം 5.50 ലക്ഷം.

(100% കേന്ദ്രാവിഷ്കൃത പദ്ധതി) പ്രോജക്ട് എലിഫന്റ് 50.98 ലക്ഷം നീലഗിരി ബയോസ്ഫിയർ റിസർവ്വ് 18.67 ലക്ഷം.

(എഫ് & ജി) ഇന്ത്യാ ഇക്കോ ഡവലപ്പ്മെന്റ് 474.87 ലക്ഷം ആകെ 1187.02 ലക്ഷം.

കേരളത്തിലെ വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മിനി കാഴ്ച ബംഗ്ലാവുകളും സ്നേക്ക് പാർക്കുകളും

7 (1557) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിന്റെ കീഴിൽ എത്ര മിനി കാഴ്ചബംഗ്ലാവുകളും സ്നേക്ക് പാർക്കുകളും പ്രവർത്തിക്കുന്നുണ്ട് ;

(ബി) സൈലന്റ് വാലിയിലെ മിനി സൂ, മുത്തങ്ങ സ്നേക്ക് പാർക്ക്, ആനപ്പാടി സ്നേക്ക് പാർക്ക്, തട്ടേക്കാട് മിനി സൂ, മലമ്പുഴ സ്നേക്ക് പാർക്ക് എന്നിവക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ ; എങ്കിൽ അവയുടെ കോപ്പി മേശപ്പുറത്തുവയ്ക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽപ്പറഞ്ഞവയിൽ ആദ്യത്തെ നാലെണ്ണവും ദേശീയ വന്യമൃഗ സങ്കേതങ്ങളുടെയും, പക്ഷി സങ്കേതത്തിന്റെയും ഉള്ളിൽ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇവയ്ക്കു സൂ അതോറിട്ടി ഓഫ് ഇന്ത്യയുടെ അംഗീകാരമോ, വന്യ മൃഗസംരക്ഷണ നിയമം അനുസരിച്ചുള്ള ലൈസൻസോ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഇവ ഓരോന്നിനും വേണ്ടി എന്തു തുക വീതം സംസ്ഥാന ഖജനാവിൽ നിന്നും ചെലവാക്കിയിട്ടുണ്ട് ;

ക്രമ നം.	കേന്ദ്രത്തിന്റെ പേര്	1996-97	1997-98	1998-99	1999-2000	2000-2001 ഫെബ്രുവരി 2001 വരെ
		(തുക രൂപയിൽ)				
1.	മുത്തങ്ങ, മൃഗ പുനരധിവാസകേന്ദ്രം	305803	168378	17538	26476	27892
2.	തട്ടേക്കാട് പുനരധിവാസകേന്ദ്രം	182318	203005	260712	507246	333375
3.	ആനപ്പാടി ഉരഗ അഭയകേന്ദ്രം	160232	204763	100836	–	–
4.	സൈലന്റ് വാലി പുനരധിവാസകേന്ദ്രം.	10460	30441	41188	18964	–

(എഫ്) സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന ഈ സ്ഥാപനങ്ങൾക്കുവേണ്ടി തുക ചെലവാക്കിയ ഉദ്യോഗസ്ഥന്മാരുടെ മേൽ നടപടി സ്വീകരിക്കുവാനും മേൽ തുക അവരിൽനിന്നും ഈടാക്കുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്നേക്ക് പാർക്ക്, മലമ്പുഴ – 1

ലയൺ സഫാരിപാർക്ക് – 1

മാൻ പാർക്ക് (വാളയാർ, പൊൻമുടി) – 2

അഭയ കേന്ദ്രം (Rescue Centre) – 3

(നെയ്യാർ, പെരുവണ്ണാമുഴി, കോടനാട്)

മൃഗങ്ങളുടെ പുനരധിവാസ കേന്ദ്രം

(ആനപ്പാടി, മുത്തങ്ങ, തട്ടേക്കാട്, സൈലന്റ് വാലി, നെയ്യാർ – 5

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) അസുഖം വന്നതും അവശരും പരിക്കേറ്റതുമായ മൃഗങ്ങളെ സംരക്ഷിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തശേഷം അവ ആരോഗ്യം വീണ്ടെടുക്കുമ്പോൾ അവയുടെ സ്വാഭാവിക വന്യ ആവാസ വ്യവസ്ഥയിലേക്ക് പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ മുത്തങ്ങ, പറമ്പിക്കുളം വൈൽഡ് ലൈഫ് ഡിവിഷനിലെ ആനപ്പാടിയും, ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിലെ തട്ടേക്കാട്, സൈലന്റ് വാലി ഡിവിഷൻ എന്നിവിടങ്ങളിൽ മൃഗങ്ങൾക്കായുള്ള പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങിയിട്ടുള്ളത്. അസുഖം വന്നതും രോഗം വന്നതും പരിക്കേറ്റതും അവശരുമായ മൃഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഇപ്രകാരം പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് വനം വകുപ്പിന് അധികാരമുണ്ട്. ഇപ്രകാരം പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് പ്രത്യേക സർക്കാർ അനുമതി വേണ്ട ഇത് വന്യജീവി പരിപാലനത്തിന്റെ ഒരു ഭാഗമാണ്. മലമ്പുഴ സ്നേക്ക് പാർക്ക് 8-7-2000-ൽ കേന്ദ്ര സൂ അതോറിട്ടി പരിശോധിച്ചു. സൂ അതോറിട്ടിയുടെ അവസാന റിപ്പോർട്ട് പ്രതീക്ഷിക്കുന്നു.

(ഇ) കഴിഞ്ഞ അഞ്ചു വർഷത്തെ ചെലവു കണക്കുകൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

(എഫ്) ബി,സി&ഡി വിഭാഗങ്ങൾക്കു നൽകിയിട്ടുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ അംഗീകാരമുള്ള കേരളത്തിലെ മൃഗശാലകൾ

8 (1558) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ അംഗീകാരമുള്ള കേരളത്തിലെ മൃഗശാലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്ഥാപനങ്ങൾക്ക് സൂ അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(സി) ഇവിടെയുള്ള മൃഗങ്ങൾക്ക് ഓണർഷിപ്പ് ലൈസൻസ് ലഭിച്ചിട്ടുണ്ടെന്നും ഏതെല്ലാം മൃഗങ്ങൾക്ക് ഓണർഷിപ്പ് ലൈസൻസ് ലഭിച്ചിട്ടില്ലെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്തും, തൃശൂരും ഉള്ള രണ്ടു മൃഗശാലകളാണ് സർക്കാർ അംഗീകാരമുള്ളത്.

(ബി) ഉണ്ട്. തിരുവനന്തപുരം മൃഗശാലയ്ക്ക് സെൻട്രൽ സൂ അതോറിട്ടിയുടെ 20-4-2000-ലെ എഫ്- 19-72/92-സി. ഇസഡ്എ (139) (എൻ) നമ്പർ കത്തു പ്രകാരം 31-05-2002 വരെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തൃശൂർ മൃഗശാലയ്ക്ക്, സെൻട്രൽ സൂ അതോറിട്ടിയുടെ 27-02-1996-ലെ 19-113/92-

LIBRARY ARCHIVES Kerala Legislative Assembly